# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/107/2018 2018 മെയ് 21

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

മെയ് 25ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി. (സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) - അനലിറ്റിക് നമ്പർ തിയറി എന്ന പേപ്പറിന്റെ പരീക്ഷ ജൂൺ 20ന് നടത്താൻ പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.ബി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ/2014 - 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 29 വരെയും 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ജൂൺ 1 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എ./എം.സി.ജെ./എം.എസ്.ഡബ്ല്യു & എം.ടി.എ. (സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) - പൊളിറ്റിക്കൽ സോഷ്യോളജി ഓഫ് ഇന്ത്യ, പൊളിറ്റിക്സ് ഓഫ് പോസ്റ്റ് - മോഡേണിസം എന്നീ പേപ്പറുകളുടെ പരീക്ഷകൾ യഥാക്രമം ജൂൺ 25, 27 തീയതികളിൽ നടക്കും.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.സി.എ. (സി.ബി.സി.എസ്.എസ്., 2013, 2014 & 2015 അഡ്മിഷൻ)(പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം) മെയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 30ന് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ബി.എ. റാങ്ക് ലിസ്റ്റ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലേക്ക് 2018-19 വർഷത്തേക്കുള്ള എം.ബി.എ. പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് പഠനവകുപ്പിലും സർവ്വകലാശാലാ വെബ്സൈറ്റിലും (www.mgu.ac.in) ലഭ്യമാണ്.

**പരീക്ഷാഫലം**

2017 സെപ്തംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 2 വരെ അപേക്ഷിക്കാം.

**യു.ജി.സി. – നെറ്റ്/ജെ.ആർ.എഫ്. പരീക്ഷാ പരിശീലനം**

യു.ജി.സി. നടത്തുന്ന മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുവേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാലാ കാമ്പസിൽ വച്ച് നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസുമായോ 0481 - 2731025 എന്ന നമ്പറിലോ ബന്ധപ്പെടണം.

**കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്**

2017-18 അദ്ധ്യയന വർഷത്തിലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങളും ഫോട്ടോയും അടങ്ങിയ നിർദ്ദിഷ്ട പ്രൊഫോർമ ഇതുവരെ സമർപ്പിച്ചിട്ടില്ലാത്ത എല്ലാ അഫിലിയേറ്റഡ് കോളേജുകളും പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി മെയ് 31നകം സർവ്വകലാശാലാ ഇലക്ഷൻ വിഭാഗത്തിൽ നൽകണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**